സമ്മതിദായ സാക്ഷര സമാജം

ഒരു സമ്മതിദായകനും ഒഴിവാക്കപ്പെടരുത്

**കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ**

# ഇലക്ടറൽ ലിറ്ററസി ക്ലബ്

## റിസോഴ്സ് ഗൈഡ്

## ക്ലാസ്സ് XII








പ്രിയപ്പെട്ട കൂട്ടുകാരെ,


നമ്മുടെ ഇന്ത്യ ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണെന്ന് എല്ലാവർക്കും അറിയാമല്ലോ. ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ പ്രക്രിയ നടക്കുന്നതും ഇന്ത്യയിലാണ്. ആ ജനാധിപത്യ പ്രക്രിയയുടെ സൗന്ദര്യമെന്ന് പറയുന്നത് പൊതു തെരഞ്ഞെടുപ്പുകളാണ്. രാജ്യത്തെ ജനങ്ങളാണ്, ഞാനും നിങ്ങളും ഉൾപ്പെടുന്ന പൗരന്മാരാണ് തെരഞ്ഞെടുപ്പുകളുടെ ശക്തി. വോട്ടവകാശമുള്ള പൗരന്മാർ തങ്ങളുടെ സമ്മതിദാനാവകാശം യുക്തിപൂർവ്വം, ക്രിയാത്മകമായി വിനിയോഗിക്കുമ്പോഴാണ് ജനാധിപത്യം അർത്ഥപൂർണമാകുന്നത്.

അത് ഉറപ്പാക്കുന്നതിന് കൃത്യമായ ഇടപെടലുകളാണ് രാജ്യത്തെ തിരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പാക്കി വരുന്നത്. ലിംഗ - വർണ്ണ - പ്രായ ഭേദമന്യേ എല്ലാവരെയും ഉൾക്കൊള്ളുന്ന തിരഞ്ഞെടുപ്പ് എന്ന ആപ്തവാക്യം പ്രാവർത്തികമാക്കാൻ നിരവധി പദ്ധതികളും തെരഞ്ഞെടുപ്പ് കമ്മീഷൻ ആസൂത്രണം ചെയ്യുന്നുണ്ട്.

ഓരോ വോട്ടും വിലപ്പെട്ടതാണ്; ജനാധിപത്യ പ്രക്രിയയിൽ ഓരോ പൗരന്റെയും പങ്ക് വലുതാണ്. അതുകൊണ്ട് തന്നെ, ജനാധിപത്യത്തിന്റെ കരുത്തെന്തെന്ന് തിരിച്ചറിഞ്ഞു വേണം ഓരോ വിദ്യാർത്ഥിയും വളരേണ്ടത്. അത്തരം അവബോധം വിദ്യാർത്ഥികളിൽ രൂപപ്പെടുത്താൻ വേണ്ടിയാണ് കലാലയങ്ങളിൽ ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുള്ളത്.

ജനാധിപത്യത്തിന്റെ കരുത്ത് തിരിച്ചറിയാൻ, ജനാധിപത്യ പ്രക്രിയയിൽ പൗരന്റെ കടമ മനസിലാക്കാൻ ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകളും ഈ കൈപ്പുസ്തകവും സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു

സ്നേഹത്തോടെ



**സഞ്ജയ് കൗൾ**
മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം

# മുഖവുര

XII-ാം ക്ലാസ്സിലെ തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബിന്റെ (ELC) പ്രവർത്തന ങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ നൽകാനുദ്ദേശിച്ചുള്ള താണ് ഈ പഠനസഹായി. 17-18 പ്രായത്തിലുള്ള വിദ്യാർഥികൾക്ക് തെരഞ്ഞെടുപ്പു പ്രക്രിയയെക്കുറിച്ചുള്ള അറിവു നൽകാനുദ്ദേശിച്ച് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ ശ്രദ്ധാപൂർവം രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ഈ പഠനസഹായി. അതിനാൽത്തന്നെ ഇത് ഇലക്ഷൻ കൺവീനർക്ക് ഒരു സഹായിയും കൈപ്പുസ്തകവുമായി പ്രവർത്തിക്കുന്നു.

ക്ലബ്ബ് കൺവീനർമാരും നോഡൽ ഓഫീസർമാരും ഈ പഠന സഹായിയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഇതിലെ മുഴുവനുമോ കഴിയുന്നത്രയുമോ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും അവ വിദ്യാർഥി കളിലേക്കെത്തിക്കാനും പരിശ്രമിക്കണം. ഒരു അക്കാദമിക് വർഷത്തിന്റെ അവസാനത്തിൽ, XII-ാം ക്ലാസ്സിലേക്കുവേണ്ടിയുള്ള ഈ പ്രവർത്തനങ്ങൾ ശ്രദ്ധചെലുത്തേണ്ടത് താഴെ കൊടുത്തിട്ടുള്ള പഠനഫലങ്ങൾ അവർ നേടിയിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിലാണ്.

1. ജനാധിപത്യത്തിന്റെ പ്രാതിനിധ്യസ്വഭാവം, ജനാധിപത്യം, തെരഞ്ഞെടുപ്പ്, വോട്ടെടുപ്പ് എന്നീ ആശയങ്ങളെക്കുറിച്ച് വിദ്യാർഥികൾക്ക് അറിവുണ്ടായിരിക്കണം.
2. ഒരു വോട്ടറായി രജിസ്റ്റർ ചെയ്യുന്ന പ്രക്രിയയെക്കുറിച്ച് വിദ്യാർഥികൾക്ക് തീർച്ചയായും നല്ല അറിവുണ്ടായിരിക്കണം.
3. ഇന്ത്യയിലെ പൊതുതെരഞ്ഞെടുപ്പുകളെക്കുറിച്ച് വിദ്യാർഥികൾ നിർബന്ധമായും അറിഞ്ഞിരിക്കണം.
4. വിദ്യാർഥികൾ ഇതിൽനിന്ന് പ്രചോദനമുൾക്കൊണ്ട് സ്ഥാനാർഥികളായി രജിസ്റ്റർ ചെയ്യാനും തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാനും പ്രാപ്തരാകണം.
5. വിദ്യാർഥികൾ അവരുടെ വോട്ടിന്റെ മൂല്യം മനസ്സിലാക്കി വോട്ടവകാശം ആത്മവിശ്വാസത്തോടെയും സുഖകരമായും ധാർമികമായും വിനിയോഗിക്കാൻ അറിഞ്ഞിരിക്കണം.





# വിഷയവിവരം


1. ആമുഖം ..........
2. ലക്ഷ്യങ്ങൾ ..........
3. ഘടന ..........
4. അംഗങ്ങളും നിർവാഹകസമിതിയും ..........
5. നോഡൽ ഓഫീസർമാരും ചുമതലകളും ..........
6. കൺവീനർ ..........
7. സമ്മേനസ്ഥലം ..........
8. ELC സെഷനുകൾ ..........
9. നിർദിഷ്ട പ്രവർത്തനങ്ങളുടെ പട്ടിക ..........
10. പ്രവർത്തനങ്ങൾ ..........
11. സെഷൻഘടന ..........
12. പ്രവേശിക്കാവുന്ന ELC ..........
13. മാർഗനിർദേശങ്ങളോടെയുള്ള പ്രവർത്തനങ്ങൾ ..........
    (i) ജനാധിപത്യത്തിന്റെ ചുമർ ..........
    (ii) തുടർച്ചയായ സിനിമാപ്രദർശനം ..........
    (iii) ലോക്സഭ 2014 സംബന്ധിച്ച സിനിമാപ്രദർശനം ..........
    (iv) ഫോറം 6 പൂരിപ്പിച്ച് ഒരു വോട്ടറായി പേരുചേർക്കൽ ...
    (v) ദേശീയ പാർട്ടികളുടെയും സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെയും മാനിഫെസ്റ്റോ താരതമ്യംചെയ്യൽ ....
    (vi) നിങ്ങളുടെ സ്ഥാനാർഥിയെ അറിയുക ..........
    (vii) വാക്കുകൊണ്ടുള്ള കളികൾ ..........
    (viii) ദേശീയ വോട്ടർ ദിനത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ - സ്കൂൾ നാടകം ..........
14. സംഗ്രഹവും പദഘടനയും ..........



കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷൻ 2018-ൽ പ്രസിദ്ധീകരിച്ചത്
നിർവചൻ സദൻ, അശോക റോഡ്, ന്യൂഡൽഹി - 110001


ടെക്സ്റ്റ്, ഫോട്ടോ, ചിത്രീകരണം, പകർപ്പവകാശം
കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ






## 1. ആമുഖം

തെരഞ്ഞെടുപ്പു സാക്ഷരതാക്ലബുകൾ രാജ്യത്തുടനീളം രൂപീകരിക്കുന്നത് പങ്കാളിത്തത്തിലൂടെയും രസകരമായ ഇടപെടലുകളിലൂടെയും ഇന്ത്യൻ പൗരന്മാരെ തെരഞ്ഞെടുപ്പു പ്രക്രിയയെക്കുറിച്ച് ബോധവൽകരിക്കാനുദ്ദേശിച്ചാണ്. രാഷ്ട്രീയ ചായ്‌വില്ലാതെ, നിഷ്പക്ഷമായ, ഒരു കക്ഷിയോടും അഭിമുഖ്യമില്ലാത്ത രീതിയിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത്.

ഇന്ത്യയിൽ അങ്ങോളമിങ്ങോളമുള്ള സെക്കൻഡറി, സീനിയർ സെക്കൻഡറി ക്ലാസ്സുകളിലെ 9–ാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള ഭാവി വോട്ടർമാരെ (14 മുതൽ 17 വരെ പ്രായത്തിലുള്ള) ലക്ഷ്യമിട്ടാണ് തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബുകൾ രൂപവൽകരിക്കുന്നത്. തെരഞ്ഞെടുപ്പു സാക്ഷരതാക്ലബിന്റെ ഭാവിവോട്ടർമാരെന്നാണ് ഇവർ അറിയപ്പെടുന്നത്.

9, 10, 11, 12 ക്ലാസ്സുകളിലുള്ള എല്ലാ വിദ്യാർഥികളും ഈ ക്ലബിലെ അംഗങ്ങളായിരിക്കും. താഴെപ്പറയുന്ന ഭാഗങ്ങൾ ക്ലബ് രൂപീകരണം, ആരൊക്കെയാണ് പങ്കെടുക്കുന്നത്, കൺവീനർ, എവിടെ എങ്ങനെയാണ് നടപ്പാക്കേണ്ടത്, എന്തെല്ലാം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതാണ്.

## 2. ലക്ഷ്യങ്ങൾ

(i) ലക്ഷ്യമിട്ടവിഭാഗം വിദ്യാർഥികൾക്ക് വോട്ടറെ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ചും സമ്മതിദാനപ്രക്രിയയും അനുബന്ധപ്രവർത്തനങ്ങളും സംബന്ധിച്ചും പ്രായോഗിക പരിശീലനം നൽകുക).

(ii) പങ്കെടുക്കുന്നവർക്ക് EVM (ഇലക്ട്രോണിക് വോട്ടിങ് യന്ത്രം) VVPAT (വോട്ട് പുനഃപരിശോധിക്കുന്ന യന്ത്രം) പരിചയപ്പെടുത്തുകയും EVM–ന്റെ കരുത്തിനെക്കുറിച്ചും EVM ഉപയോഗിക്കുമ്പോൾ തെരഞ്ഞെടുപ്പു പ്രക്രിയയുടെ അന്തസ്സ് ഉയരുമെന്നതിനെക്കുറിച്ചും വിദ്യാർഥികളെ ബോധവൽക്കരിക്കുക.

(iii) ലക്ഷ്യമിട്ട സഭാവാസികളെ അവരുടെ വോട്ടിന്റെ മൂല്യത്തെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുകയും തങ്ങളുടെ വോട്ടവകാശം ആത്മവിശ്വാസത്തോടെയും നിർഭയമായും നീതിപൂർവകമായും വിനിയോഗിക്കാൻ അവരെ സജ്ജരാക്കുകയും ചെയ്യുക.

(iv) സമർഥരായ തെരഞ്ഞെടുപ്പ് സാക്ഷരതാക്ലബ് അംഗങ്ങളെ സമൂഹത്തിലെ തെരഞ്ഞെടുപ്പ് സാക്ഷരതാ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുക.

(v) 18 വയസ്സു തികയുമ്പോൾ വോട്ടറായി രജിസ്റ്റർ ചെയ്യുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുക.

(vi) തെരഞ്ഞെടുപ്പു പ്രക്രിയയുടെ ഭാഗമാവാനും ധാർമികമായ തെരഞ്ഞെടുപ്പ് ഉറപ്പുവരുത്താനുമുള്ള ഒരു സംസ്കാരം അംഗങ്ങളിൽ വികസിപ്പിച്ചെടുക്കാനും എല്ലാ വോട്ടും വിലപ്പെട്ടത്, ഒരു വോട്ടും പാഴാക്കരുത് എന്ന തത്ത്വം പിന്തുടരാൻ അവരെ വളർത്തിയെടുക്കുകയും ചെയ്യുക.

## 3. ഘടന

ഓരോ ക്ലാസ്സിനും വിഭാഗത്തിനും പ്രത്യേകം തെരഞ്ഞെടുപ്പ് സാക്ഷരതാക്ലബുകൾ നിർബന്ധമാണ്. ഓരോ സ്കൂൾ ഗ്രേഡിനു മനുസരിച്ച് തെരഞ്ഞെടുപ്പ് സാക്ഷരതാ





ക്ലബ്ബുകൾ വ്യത്യസ്തവും (ആ ഗ്രേഡിനു പ്രത്യേകമായ ഒരുകൂട്ടം പ്രവൃത്തികൾ) ഒരേ ഗ്രേഡുള്ള വിവിധ വിഭാഗങ്ങളുടെ പ്രവൃത്തികൾ ഒരേ സ്വഭാവത്തിലുള്ളതുമായിരിക്കും. ELC തീർച്ചയായും പ്രവർത്തനങ്ങൾ ക്ലാസ്സുതിരിച്ച് പട്ടികയിലുള്ള ക്ലാസ്സിൽ / സെക്ഷനിൽ നടത്തണം. ക്ലാസ്സിലുള്ള എല്ലാ വിദ്യാർഥികളും തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബിലെ അംഗങ്ങളായിരിക്കും.

## 4 അംഗങ്ങളും നിർവാഹകസമിതിയും

തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബിന് ഓരോ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുൾപ്പെടുന്ന ഒരു നിർവാഹകസമിതി അത്യാവശ്യമാണ്. തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബിന്റെ നിർവാഹക സമിതിയിലെ ഈ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ സ്കൂളിലെ നോഡൽ ഓഫീസറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിർദേശത്തിലും തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വമുള്ളവരാണ്.

ഈ പ്രവർത്തനങ്ങൾക്കു സമാന്തരമായി സ്കൂളിനും അധ്യാപകരെ ഉപയോഗപ്പെടുത്തി കുട്ടികളുടെ പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

## 5. നോഡൽ ഓഫീസർമാരും ചുമതലയും

സ്കൂളിലെ മാനസിക വിഷയങ്ങൾ (humanities) പഠിപ്പിക്കുന്ന ഒന്നോ രണ്ടോ അധ്യാപകർ തെരഞ്ഞെടുപ്പു സാരക്ഷരതാ ക്ലബിന്റെ നോഡൽ ഓഫീസർമാരായി പ്രവർത്തിക്കേണ്ടതാണ്. അവർ നിശ്ചിത ELC-യുടെ കൺവീനർമാരായിരിക്കും. തെരഞ്ഞെടുപ്പ് ഡ്യൂട്ടി നിർവഹിച്ച അധ്യാപകർക്ക് ഇക്കാര്യത്തിൽ മുൻഗണന നൽകണം. അവരുടെ പ്രവർത്തനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകണം.

(i) ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ നിശ്ചിതമാകൃതയിൽ നൽകുന്ന തെരഞ്ഞെടുപ്പു സാക്ഷരതയുമായി ബന്ധപ്പെട്ട വിഷയങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറാണ് തെരഞ്ഞെടുപ്പു സാക്ഷരത സംബന്ധിച്ച വിഷയങ്ങൾ (വിഭവങ്ങൾ) ഓൺലൈൻ മുഖേനയോ മറ്റു മാർഗത്തിലൂടെയോ അധ്യാപകർക്കും വിദ്യാർഥികൾക്കും നൽകുന്നത്.

(ii) സ്കൂളുകളിൽ തെരഞ്ഞെടുപ്പു സാക്ഷരതാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന അധ്യാപകർക്ക് പരിശീലന പരിപാടികൾ നടത്തുക.

(iii) തെരഞ്ഞെടുപ്പ് സാക്ഷരതാ പ്രവർത്തനങ്ങൾക്കായി അധ്യാപകർക്ക് മാർഗനിർദേശം നൽകുക.

(iv) തെരഞ്ഞെടുപ്പ് സാക്ഷരതാ പ്രവർത്തനങ്ങൾ ഉപയോഗ പ്രദമായി നടപ്പാക്കുക.

(v) പുതിയ വിഭവ സമാഹരണം നടത്തി അത് ജില്ലാ ഓഫീസർക്ക് അയച്ചു കൊടുക്കുക.

(vi) വിദ്യാർഥികളുമായും നിർവാഹകസമിതിയുമായും ചർച്ച ചെയ്ത് ഒരുവർഷത്തേക്കുള്ള കലണ്ടർ തയാറാക്കുക.

(vii) XI-ാം ക്ലാസ്സ് വിദ്യാർഥികൾ യോഗ്യതനേടുമ്പോൾ, അവരുടെ പേര് വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യുക.

*കുറിപ്പ്- നിർവാഹകസമിതി അംഗങ്ങളെ തെരഞ്ഞെടുപ്പു സാക്ഷരതാ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാൻ നോഡൽ ഓഫീസർ ഏതുസമയത്തും തയാറായിരിക്കും.*

### 6. കൺവീനർ

ഓരോ ക്ലാസ്സിലും തെരഞ്ഞെടുപ്പു സാക്ഷരതാ പ്രവർത്തനങ്ങൾ നടത്താൻ ഓരോ അധ്യാപകൻ ഉണ്ടായിരിക്കും. അതുപോലെ വിവിധ ക്ലാസ്സുകളിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ ഒരുസംഘം അധ്യാപകരുമുണ്ടാവും. നോഡൽ ഓഫീസർമാരാണ് അധ്യാപകർക്ക് പരിശീലനം നൽകേണ്ടത്. അധ്യാപകർക്ക് തെരഞ്ഞെടുപ്പു സാക്ഷരതാ പ്രവർത്തനങ്ങൾക്കുള്ള മാർഗനിർദേശം നൽകേണ്ടത് നോഡൽ ഓഫീസർമാരാണ്. നോഡൽ ഓഫീസർമാരെ നിയമിക്കുമ്പോൾ സ്ത്രീ – പുരുഷ സമത്വം ഉറപ്പുവരുത്തേണ്ടതാണ്.

### 7. സമ്മേളനസ്ഥലം

അതത് ക്ലാസ്സ് മുറികളാണ് സമ്മേളനസ്ഥലമായി നിശ്ചയിക്കേണ്ടത്. എന്നിരുന്നാലും ചില പ്രവർത്തനങ്ങൾ സ്കൂൾ ഓഡിറ്റോറിയത്തിലോ സ്പോർട്സ് ഗ്രൗണ്ടിലോ നടത്താവുന്നതാണ്.

### 8. ELC സെഷനുകൾ

സെഷനുകൾ കേന്ദ്രീകരിച്ചാണ് ELC പ്രവർത്തനങ്ങൾ സംഘടിപ്പി ക്കേണ്ടത്. ചിലപ്പോൾ രണ്ടിലധികം ELC കളെ ഒരുമിച്ചുചേർത്തു ചില പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. വ്യത്യസ്ത ELC കൾക്ക് പ്രത്യേകം പ്രവർത്തനങ്ങളുള്ളതിനാൽ ഒരു അധ്യയനവർഷത്തിൽ അവയ്ക്കായി 6 മുതൽ 8 വരെ മണിക്കൂറുകളുള്ള ക്ലാസ്സ് റൂം സെഷനുകൾ ഉണ്ടാവും.

### 9. നിർദിഷ്ടപ്രവർത്തനങ്ങളുടെ പട്ടിക

ELC പ്രവർത്തനങ്ങൾ നടത്തുവാനുള്ള നിർദിഷ്ട സമയവിവരപ്പട്ടിക ചുവടെ ചേർക്കുന്നു.

| മാസം | പ്രവർത്തനം | കാലയളവ് |
|---|---|---|
| കൊല്ലം മുഴുവൻ | ജനാധിപത്യത്തിന്റെ ചുമർ/ ചുമർ മാസിക | |
| ഏപ്രിൽ | തുടർച്ചയായുള്ള നിർവചിത്ര സിനിമാ പ്രദർശനം | 45 മിനിറ്റ് |
| ജൂലൈ | ലോക്സഭ 2014 – സിനിമാ പ്രദർശനം | 60 മിനിറ്റ് |
| ആഗസ്റ്റ്<br>സെപ്തംബർ | നിങ്ങളുടെ സ്ഥാനാർഥിയെ അറിയുക | 30 മിനിറ്റ് ലഘുവിവരണം<br>60 മിനിറ്റ് അവതരണം |
| ഒക്ടോബർ | ഫോറം 6 പൂരിപ്പിക്കലും രജിസ്ട്രേഷനും | 30 മിനിറ്റ് |
| നവംബർ | വാക്കുകൊണ്ടുള്ള കളികൾ | 30 മിനിറ്റ് |
| ജനുവരി | ഉപന്യാസരചനാമത്സരം | 60 മിനിറ്റ് |
| | **ആകെ** | **4 മണിക്കൂർ 30 മിനിറ്റ് (നിർവചിത്രസമയം ഉൾപ്പെടുത്തിയിട്ടില്ല.)** |



## 10. പ്രവർത്തനങ്ങൾ

XII–ാം ക്ലാസ്സിലെ തെരഞ്ഞെടുപ്പു സാക്ഷരതാ പഠനസഹായി പ്രവർത്തനങ്ങളെയും അവയുടെ നടത്തിപ്പിനെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്നു. ഇതിൽ ആദ്യത്തെ പ്രവർത്തനം അതായത് സിനിമാ പ്രദർശനം XII –ാം ക്ലാസ്സിലെ ആദ്യബാച്ച് തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ് വിദ്യാർഥികൾക്കിടയിൽ മാത്രമാണ് സംഘടിപ്പിക്കേണ്ടത്. എല്ലാ പ്രവർത്തനങ്ങളും നിർബന്ധമായി നടപ്പാക്കേണ്ടതില്ല. സമയലഭ്യതയനുസരിച്ച് പ്രവർത്തനങ്ങൾക്ക് രൂപം നൽകാവുന്നതാണ്

## 11. സെഷൻ ഘടന

എല്ലാ ELC യും താഴെപ്പറയുന്ന സെഷൻഘടന പിന്തുടരേണ്ടതാണ്.

**അസംബ്ലി :** സമ്മേളനസ്ഥലത്ത് കൂടിച്ചേരുമ്പോൾ ELC അംഗങ്ങൾ പരസ്പരം അഭിവാദ്യം ചെയ്യേണ്ടതാണ്.

**പ്രവർത്തനങ്ങൾ നടപ്പാക്കൽ :-** സെഷനുവേണ്ടി തീരുമാനിച്ച പ്രവർത്തനം ശരിയായ തയാറെടുപ്പോടെയും സെഷൻ സമയം അധികരിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തിയും കൺവീനർ നടപ്പാക്കേണ്ടതാണ്.

**3 – 2 – 1 സംഗ്രഹവും ഓർത്തെടുക്കലും :** ഈ ഓർത്തെടുക്കൽ രീതി എല്ലാ പ്രവർത്തനങ്ങളിലും പിന്തുട രേണ്ടതും ഇത് വ്യക്തികളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിവരണ ങ്ങളിൽ വിശദീകരിക്കേണ്ടതുമാണ്.

കൺവീനർ യാദൃച്ഛികരീതിയിൽ വ്യത്യസ്ത അംഗങ്ങൾക്ക് താഴെ പ്പറയുന്ന ചോദ്യങ്ങൾ ചോദിക്കേണ്ടതാണ്.


* ഈ ദിവസം അവർ പഠിച്ച 3 കാര്യങ്ങൾ.
* അവർ മനസ്സിൽ സൂക്ഷിക്കാനുദ്ദേശിക്കുന്ന 2 കാര്യങ്ങൾ.
* അവർ കൂടുതലായി അറിയാനുദ്ദേശിക്കുന്ന 1 കാര്യം.
  (ഇവിടെ അംഗങ്ങൾക്ക് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്).

## 12. എല്ലാവരെയും ഉൾക്കൊള്ളുന്ന ELC

എല്ലാവരെയും ഉൾക്കൊള്ളുന്ന ക്ലബായതിനാൽ അംഗവൈകല്യമുള്ള വിദ്യാർഥികളെക്കൂടി പങ്കെടുപ്പിക്കുന്നതിന് ELC എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.

* കൺവീനർ അവരെ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതും അംഗങ്ങളെ ഇതുസംബന്ധിച്ച് ബോധവൽക്കരിക്കേണ്ടതുമാണ്.
* സമ്മേളനസ്ഥലം എളുപ്പത്തിൽ പ്രവേശിക്കാവുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
* ശ്രവണവൈകല്യമുള്ള ഒരു വിദ്യാർഥി സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ ആംഗ്യഭാഷാ വൈദഗ്ധ്യമുള്ള ഒരാളെ പങ്കെടുപ്പിക്കേണ്ടതാണ് (വ്യാഖ്യാതാവ് വിദ്യാർഥിക്ക് നിലവിലുള്ള സഹായി ആകാവുന്നതാണ്.
* ക്ലബിൽ സംഘടിപ്പിക്കുന്ന ഒരു പരിപാടിയിൽ നിന്നും അംഗവൈകല്യമുള്ള വിദ്യാർഥികളെ ഒഴിവാക്കരുത്.

# 13. നിർദേശങ്ങളോടുകൂടിയ പ്രവർത്തനങ്ങൾ



## പ്രവർത്തനം : ജനാധിപത്യത്തിന്റെ ചുമരിനുള്ള സംഭാവന ചുമർമാസിക

### അവലോകനം

ചുമർമാസികയുടെ പിന്നിലുള്ള ആശയം തെരഞ്ഞെടുപ്പു സാക്ഷരതാ വിവരം രസകരവും ക്രിയാത്മകവും ആകർഷണീയമായ വിധത്തിലും സൃഷ്ടിക്കുകയും പങ്കുവയ്ക്കുകയും പങ്കെടുക്കുന്ന എല്ലാ വിദ്യാർഥികളുടെയും പങ്കാളിത്തത്തിന് പ്രചോദനമായിത്തീരുകയും ചെയ്യുക എന്നതാണ്.

ഇതിനായി സ്കൂളിന്റെ പ്രധാനഭാഗത്തുള്ള ചുമർ ഉപയോഗിക്കാവുന്നതാണ്. ഇതിനെ 'ജനാധിപത്യത്തിന്റെ ചുമർ'എന്നു വിളിക്കാം. ചുമരിൽ തെരഞ്ഞെടുപ്പുസാക്ഷരതയുമായി ബന്ധപ്പെട്ട ധാരാളം ഉള്ളടക്കങ്ങൾ ഒട്ടിച്ചോ, പിൻചെയ്തോ, അനുവദനീയമെങ്കിൽ പെയിന്റ് ചെയ്തോ പ്രദർശിപ്പിക്കാവുന്നതാണ്.

ചുമർ മാസിക കൈകാര്യം ചെയ്യുന്നത് IX -ാം ക്ലാസ്സ് വിദ്യാർഥികളും അതിനുള്ള ഉള്ളടക്കം സംബന്ധിച്ച നിബന്ധനകൾ സംഭാവന ചെയ്യുന്നത് XII-ാം ക്ലാസ്സ് വിദ്യാർഥികളുമാണ്.

പ്രമേയത്തിലെ ഉള്ളടക്കം ആഴ്ചതോറുമോ രണ്ടാഴ്ച കൂടുമ്പോഴോ, വിദ്യാർഥികളിൽ നിന്നുള്ള സംഭാവനയുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തേണ്ടതാണ്.


ചുമർ മാസികയുടെ ഉള്ളടക്കം തയാറാക്കുന്നതിൽ വിദ്യാർഥികൾ IX-ാം ക്ലാസ്സ് വിദ്യാർഥികൾക്ക് ആവശ്യമായ സഹായം ചെയ്യേണ്ടതാണ്.

### ചുമർമാസികയുടെ പ്രമേയങ്ങൾ

താഴെപ്പറയുന്നവയാണ് ചുമർ മാസികയ്ക്ക് സാദ്ധ്യതയുള്ള പ്രമേയങ്ങളുടെ ലിസ്റ്റ്.

1. ജനാധിപത്യം : ജനങ്ങളുടെ സർക്കാർ, ജനങ്ങളാലുള്ള സർക്കാർ, ജനങ്ങൾക്കു വേണ്ടിയുള്ള സർക്കാർ.
2. എന്റെ വോട്ട് എന്റെ അവകാശം.
   * ഒരു വോട്ടിന്റെ മൂല്യം.
3. എല്ലാം ഉൾപ്പെടുന്ന തെരഞ്ഞെടുപ്പ്: എല്ലാ വോട്ടും ഒരുപോലെ എണ്ണും.
4. രജിസ്റ്റർ ചെയ്യാൻ തുടങ്ങുന്നു.
   * 18 വയസ്സ് - അർഹതയ്ക്കുള്ള പ്രായം.
   * വോട്ടർ ലിസ്റ്റ്.
5. വോട്ടർ കാർഡ് / എന്റെ EPIC (വോട്ടറുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്).
6. ആർക്കൊക്കെ തെരഞ്ഞെടുപ്പിൽ മൽസരിക്കാം?
   * യോഗ്യത.
   * ഒരു സ്ഥാനാർഥിയാകാനുള്ള നടപടികൾ.

7. ധാർമികവും കാര്യജ്ഞാനമുള്ളതുമായ വോട്ടെടുപ്പ്.
   * തെരഞ്ഞെടുപ്പു പ്രചാരണത്തിൽ ചെയ്യാവുന്നതും ചെയ്യരുതാത്തതും.
   * മാതൃകാ പെരുമാറ്റച്ചട്ടം; സ്ഥാനാർഥികളുടെ അന്യായപ്രവൃത്തികൾ ആർക്കാണ് റിപ്പോർട്ട് ചെയ്യേണ്ടത്.
8. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രവും (EVM) VVPAT ഉം (വോട്ടറെ തിരിച്ചറിയുന്ന പേപ്പർ ഓഡിറ്റ് പരീക്ഷണം.
   * വോട്ടിന്റെ രഹസ്യസ്വഭാവം.
   * EVM/VVPAT ഉപയോഗത്തിലൂടെ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ അന്തസ്സുയർത്തൽ.
9. നോട്ട
   * മുകളിൽ പറഞ്ഞതൊന്നും ഉപയോഗിക്കാത്ത് എപ്പോൾ.
   * നിങ്ങളുടെ സ്ഥാനാർഥിയെക്കുറിച്ചുള്ള അത്യാവശ്യവിവരം അറിയൽ.
10. തെരഞ്ഞെടുപ്പു കമ്മീഷൻ Vs സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ/ NVD.






# പ്രവർത്തനം : നിർവചിത്ര - സിനിമാപ്രദർശനം/ ഫ്ലിപ്പ് ചാർട്ട് പ്രദർശനം

## അവലോകനം

ഈ പ്രവർത്തനം ആകർഷകമായ സിനിമാ / ഫ്ലിപ്കാർട്ട് പ്രദർശന ത്തിലൂടെയും അതിനുശേഷമുള്ള വിനോദചിത്രങ്ങളിലൂടെയും തെരഞ്ഞെടുപ്പു പ്രക്രിയയും നടപടിക്രമങ്ങളും വിവരവിനിമയവും നടക്കുന്നു.

*കുറിപ്പ്: ഈ പ്രവർത്തനം XII-ാം ക്ലാസ്സിലെ ആദ്യബാച്ച് ELC അംഗങ്ങൾക്കുവേണ്ടി മാത്രമാണ് നടത്തേണ്ടത്.*

## പഠനഫലം

പ്രവർത്തനത്തിന്റെ പൂർത്തീകരണത്തിനുശേഷം വിദ്യാർഥികൾ തീർച്ചയായും.

(i) ഒരു വോട്ടറാകാനുള്ള യോഗ്യത 18 വയസ്സ് പൂർത്തിയാകലാണെന്ന് അറിയണം.

(ii) വോട്ടറായി രജിസ്റ്റർ ചെയ്യുന്ന പ്രക്രിയയെക്കുറിച്ചും അതിനുപയോഗിക്കേണ്ട ഫോറങ്ങളെക്കുറിച്ചും അറിയണം.

(iii) ഒരു വോട്ടിന്റെ മൂല്യത്തെക്കുറിച്ച് തിരിച്ചറിവുണ്ടാകണം.

(iv) വോട്ടർ ആദ്യമായി ബന്ധപ്പെടേണ്ടയാളും പിന്നീട് അവരെ തെരഞ്ഞെടുപ്പിൽ നയിക്കേണ്ടയാളുമായ ബൂത്ത് ലവൽ ഓഫീസറുടെ പങ്കിനെക്കുറിച്ച് അറിഞ്ഞിരിക്കണം.

## സ്രോതസ്സുകൾ

(i) Masti Dosti Matadan (യുവ സൗഹൃദ തെരഞ്ഞെടുപ്പ്) സചേതന മായ ഷോർട്ട് ഫിലിം - 12 മിനിറ്റ്.

(ii) Abhay and Abha - ചിത്രപുസ്തകം.

(iii) Loktantra Express - ശബ്ദത്തിലൂടെയുള്ള കഥ.

(iv) രജിസ്ട്രേഷനെയും വോട്ടെടുപ്പിനെയും സംബന്ധിച്ച് ഫ്ളിപ് ചാർട്ട്.

* ചിത്രപുസ്തകവും, ശബ്ദത്തിലൂടെയുള്ള കഥയും ഫ്ളിപ്പ്ചാർട്ടും ഇടകലർത്തി ഉപയോഗിക്കാമെങ്കിലും സിനിമാ പ്രദർശനം സാധിക്കില്ല.

## ആവശ്യമായ വസ്തുക്കൾ

(i) സ്ക്രീൻ, പ്രൊജക്ടർ, ലാപ്ടോപ്പ്, സ്പീക്കറുകൾ.

(ii) നോട്ടുപുസ്തകവും പേനയും, ഓരോ വിദ്യാർഥിക്കും.

(iii) ചാർട്ട് പേപ്പറുകളും, കട്ടിയായി അടയാളപ്പെടുത്താനുള്ള വസ്തുക്കളും.

**കാലയളവ്:** 60 മിനിറ്റ്.

അനുയോജ്യമായ സമയം: ഏപ്രിൽ ആദ്യവാരം.

## ക്രമീകരണം

1. സിനിമാ പ്രദർശനത്തിനും ഫ്ളിപ്ചാർട്ട് പ്രദർശനത്തിനും മുമ്പേ കൺവീനർ വിദ്യാർഥികളെ തെരഞ്ഞെടുപ്പിനെയും പങ്കാളിത്ത ത്തെയും കുറിച്ച് ഒരു ലഘു ചർച്ചയിലേക്ക് നയിക്കുന്നു. ഈ ചർച്ച അവരെ തെരഞ്ഞെടുപ്പിനെയും പങ്കാളിത്തത്തെയും കുറിച്ചും വോട്ടർ രജിസ്ട്രേഷനെക്കുറിച്ചും പരിചയപ്പെടുത്താനും അവരുടെ നിലവിലെ അറിവ് അളക്കാനും വേണ്ടിയാണ്.

2. കൺവീനർക്ക് താഴെപ്പറയുന്ന ചോദ്യങ്ങളുന്നയിച്ച് ചർച്ച തുടങ്ങാം.

   * ഇന്ത്യയുടെ പ്രധാനമന്ത്രി ആരാണ്?
   * അദ്ദേഹം പ്രധാനമന്ത്രിയായത് എങ്ങനെയെന്ന് നിങ്ങൾക്കറിയാമോ?
   * എന്താണ് ജനാധിപത്യം?
   * ജനാധിപത്യം എങ്ങനെയാണ് ഇത്രയും ജനകീയമായ ഭരണസംവിധാനമായത്?
   * ജനാധിപത്യത്തിൽ എല്ലാ ശബ്ദങ്ങളും ശ്രദ്ധിക്കപ്പെടുന്നതെങ്ങനെ (തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ).
   * ജനാധിപത്യത്തിൽ എങ്ങനെയാണ് നമ്മൾ നമ്മുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് (തെരഞ്ഞെടുപ്പുകൾ).
   * നമ്മുടെ ശബ്ദം കേൾപ്പിക്കാനുള്ള ഉപകരണമെന്ത് (ഒരു വോട്ട്).
   * തെരഞ്ഞെടുപ്പുകൾ പ്രധാനമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? എന്തുകൊണ്ടാണ് നിങ്ങളുടെ വോട്ട് പ്രാധാന്യമുള്ളതാ കുന്നത്?

3. കൺവീനർ 14 – 17 പ്രായത്തിലുള്ള ഇന്ത്യയിലെ വോട്ടർമാരായ യുവജനങ്ങളോട് അവർ 18 വയസ്സുതികയുമ്പോൾ വോട്ടുചെയ്യുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കണം.

4. കൺവീനർ പിന്നീട് അവരോട് അവർ വോട്ടുചെയ്യാൻ തയാറായോ എന്ന് ചോദിക്കണം.

5. ഈ ചോദ്യം അന്തരീക്ഷത്തിൽ നിലനിർത്തിക്കൊണ്ട് സിനിമ പ്രദർശിപ്പിക്കാൻ തുടങ്ങുന്നു. സിനിമ പ്രദർശിപ്പിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ കൺവീനർക്ക് ഫ്ളിപ്പ് ചാർട്ടോ ചിത്രപുസ്തകമോ കാണിക്കുകയോ ശബ്ദത്തിലൂടെയുള്ള കഥ കേൾപ്പിക്കുകയോ ചെയ്യാം.

6. ക്ലാസ്സ് അതിനുശേഷം വോട്ടിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള വലിയ ചർച്ചയിൽ മുഴുകുന്നു. ശ്രോതാക്കളെ അവരുടെ പ്രദേശത്തു നടന്ന അവരുടെ മാതാപിതാക്കൾ/ രക്ഷിതാക്കൾ / ബന്ധുക്കൾ / അയൽ വാസികൾ പങ്കെടുത്ത ഒരു യഥാർഥ വോട്ടെടുപ്പിന്റെ ആദ്യ ഓർമകളിലേക്ക് ഊളിയിട്ടുപോകാൻ പ്രേരിപ്പിക്കുന്നു.

7. വിദ്യാർഥികൾക്ക് പിന്നീട് ചാർട്ട് പേപ്പറും കളറുകളും നൽകി അവരോട് ആ സിനിമാ പ്രദർശനത്തിൽ നിന്നും ലഭിച്ച പ്രധാന ആശയ ത്തെയോ അല്ലെങ്കിൽ തെരഞ്ഞെടുപ്പിന്റെയും വോട്ടുചെയ്യുന്നതിന്റെയും പ്രാധാന്യത്തെക്കുറിച്ചോ ഒരു പോസ്റ്റർ ഉണ്ടാക്കാൻ ആവശ്യപ്പെടണം.





8. കൺവീനർ പോസ്റ്ററുകൾ ശേഖരിച്ച് സുരക്ഷിതമായ സ്ഥലത്ത് സൂക്ഷിക്കണം. പോസ്റ്ററുകൾ സുരക്ഷിതമായി സൂക്ഷിക്കുകയും ഭാവിയിൽ ELC സമ്മേളനസ്ഥലം അലങ്കരിക്കാനോ അതല്ലെങ്കിൽ ദേശീയ സമ്മതിദാനദിനത്തിൽ സ്കൂളിൽ പ്രദർശിപ്പിക്കാനോ ഉപയോഗിക്കാ വുന്നതാണ്.

9. **3 – 2 – 1 സംഗ്രഹവും ഓർത്തെടുക്കലും സംഘടിപ്പിക്കുക.**

ഈ പ്രവർത്തനത്തിൽ കൺവീനർ യാദൃച്ഛയാ വിവിധ അംഗങ്ങളോട് താഴെപ്പറയുന്ന ചോദ്യങ്ങൾ ചോദിക്കുക.

* ഇന്ന് അവർ പഠിച്ച 3 കാര്യങ്ങൾ.
* അവർ മനസ്സിൽ സൂക്ഷിക്കാനുദ്ദേശിക്കുന്ന 2 കാര്യങ്ങൾ.
* അവർ കൂടുതൽ അറിയാനുദ്ദേശിക്കുന്ന 1 കാര്യം. (ഇവിടെ അംഗങ്ങൾക്ക് ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.)

## പവർത്തനം : 2014 ലോക്സഭാ തെരഞ്ഞെടുപ്പിന്റെ സിനിമാ പ്രദർശനം

### അവലോകനം

ഈ പ്രവർത്തനത്തിലൂടെ ഇന്ത്യയിൽ തെരഞ്ഞെടുപ്പ് എങ്ങനെയാണ് നടത്തുന്നതെന്നതിനെക്കുറിച്ച് വിദ്യാർഥികൾക്ക് ഒരു സാമാന്യജ്ഞാനം ലഭിക്കും.

### പഠനത്തിന്റെ അനന്തരഫലങ്ങൾ

പ്രവർത്തനത്തിനൊടുവിൽ വിദ്യാർഥി തീർച്ചയായും അറിഞ്ഞിരിക്കേണ്ടതാണ്.

(i) ഏറ്റവും വലിയ ജനാധിപത്യപ്രക്രിയയെക്കുറിച്ച്.

(ii) സമ്മതിദായകന്റെ വലിപ്പം.

(iii) പ്രവർത്തനങ്ങളുടെ വലിപ്പം.

(iv) ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളുടെ പ്രാധാന്യം.

### വിഭവങ്ങൾ

(i) ലോക്സഭാ ഇലക്ഷൻ 2014 ഫിലിം.

### ആവശ്യമായ വസ്തുക്കൾ

(ii) സ്ക്രീൻ, പ്രോജക്ട്, ലാപ്ടോപ്പ്, സ്പീക്കറുകൾ.

(iii) ഓരോ വിദ്യാർഥിക്കും നോട്ടുപുസ്തകവും പേനയും.

**കാലയളവ് :** 45 മിനിട്ട്.

അനുയോജ്യമായ സമയം: വേനൽക്കാല ഒഴിവുസമയത്തിനു ശേഷമുള്ള ആദ്യസെഷൻ.

## ക്രമീകരണം

1. സിനിമാ പ്രദർശനത്തിനു മുമ്പ് ഒരു ലഘുചർച്ചയിലൂടെ കൺവീനർ വിദ്യാർഥിയെ തെരഞ്ഞെടുപ്പും അതിൽ പങ്കെടുക്കുന്നതിനെക്കുറിച്ചും ബോധവാനാക്കുകയും ഇന്ത്യയിലെ ലോക്സഭാ തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ പറയാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.
2. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ സമ്പ്രദായത്തിൽ ഏറ്റവും വലിയ തെരഞ്ഞെടുപ്പുനടത്തുന്നത് അതിന്റെ നടത്തിപ്പുകൾക്ക് എത്രത്തോളം തീവ്രമായ ഒരനുഭവമാണെന്നതിനെക്കുറിച്ച് കൺവീനർ വിദ്യാർഥികളോട് സംസാരിക്കുന്നു.
3. ചർച്ചയ്ക്കുശേഷം കൺവീനർ സിനിമ പ്രദർശിപ്പിക്കാൻ തുടങ്ങുന്നു.
4. **3 – 2 – 1 സംഗ്രഹവും ഓർത്തെടുക്കലും:** ഈ പ്രക്രിയയിൽ കൺവീനർ വിവിധ അംഗങ്ങളോട് യാദൃച്ഛിക രീതിയിൽ താഴെപറയുന്ന ചോദ്യങ്ങൾ ചോദിക്കുന്നു.

   * ഇന്ന് അവർ പഠിച്ച 3 കാര്യങ്ങൾ.
   * അവർ മനസ്സിൽ സൂക്ഷിക്കാനുദ്ദേശിക്കുന്ന 2 കാര്യങ്ങൾ.
   * അവർ കൂടുതൽ അറിയാനാഗ്രഹിക്കുന്ന 1 കാര്യം (ഇവിടെ പ്രവർത്തനത്തെക്കുറിച്ച് അംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.)







## പ്രവർത്തനം : ഫോറം 6 പൂരിപ്പിക്കലും വോട്ടറായി പേരുചേർക്കലും

(പേരുചേർക്കുന്നത് വിദ്യാർഥി 18 വയസ്സ് പൂർത്തിയാക്കുകയോ അടുത്തവർഷത്തെ ജനുവരിയിൽ 18 വയസ്സു പൂർത്തിയാകുകയോ ചെയ്യുന്ന ഘട്ടത്തിലാണ്).

### അവലോകനം

ഈ പ്രവർത്തനം ലക്ഷ്യംവയ്ക്കുന്നത് ഭാവിവോട്ടർമാരെ രാജ്യത്തിന്റെ ജനാധിപത്യ സമ്പ്രദായത്തിലെ ഊർജസ്വലരായ വോട്ടർ മാരായി മാറ്റിയെടുക്കലാണ്.

### പഠനഫലങ്ങൾ

പ്രവർത്തനത്തിന്റെ പൂർത്തീകരണത്തിനൊടുവിൽ വിദ്യാർഥികൾ തീർച്ചയായും അറിഞ്ഞിരിക്കണം.

(i) രജിസ്റ്റർ ചെയ്യുന്നതിനായി ഫോറം 6 എങ്ങനെ പൂരിപ്പിക്കണം.

(ii) എന്താണ് വോട്ടർ ID/EPIC.

(iii) എന്താണ് NVSP.

### വിഭവങ്ങൾ

(i) പൂരിപ്പിക്കാത്ത ഫോറം 6.


**കാലയളവ് ;** 30 മിനിറ്റ്.

അനുയോജ്യമായ സമയം: സംസ്ഥാനത്തെ സംക്ഷിപ്ത പുനഃപരി ശോധനാസമയം.

*കുറിപ്പ്: കൺവീനർ സംസ്ഥാനത്തെ പുനഃപരിശോധനാ ദിവസത്തെക്കുറിച്ച് ശ്രദ്ധാലു വായിരിക്കണം. കൺവീനർ ഇതു സംബന്ധിച്ച വിവരം ലഭിക്കാൻ www.eci.nic.in എന്ന വെബ് സൈറ്റ് ലോഗ് ഓൺ ചെയ്യണം.*

### സമ്പ്രദായം

1. കൺവീനർ ഒരു സെഷൻ വിളിച്ചുചേർത്ത് എങ്ങനെയാണ് ഫോറം 6-ലെ വിവിധ ഭാഗങ്ങൾ പൂരിപ്പിക്കേണ്ടതെന്ന് വിശദീകരിക്കണം.
2. നിർദേശങ്ങൾക്കുശേഷം കൺവീനർ വോട്ടർമാർക്ക് മാതൃകാ വോട്ടർ ഐഡന്റിറ്റി കാർഡ് കാണിച്ചുകൊടുക്കണം. ഇത് ഔദ്യോഗികമായി ഇലക്ടറുടെ ഫോട്ടോ ഐഡന്റിറ്റി കാർഡ് എന്ന് അറിയപ്പെടുന്നു. (EPIC).
3. കൺവീനർ പൂരിപ്പിക്കാത്ത ഫോറം 6 ഓരോ വിദ്യാർഥിക്കും നൽകി അത് പൂരിപ്പിക്കാൻ ആവശ്യപ്പെടുന്നു.
4. ഇതിനു സമാന്തരമായി കൺവീനർ വിദ്യാർഥികളോട് www.nvsp.in എന്ന വെബ്സൈറ്റ് ലോഗ് ഓൺ ചെയ്ത് വോട്ടേഴ്സ് ലിസ്റ്റിൽ രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെടാവുന്നതാണ്.


FORM 6
[See rules 13(1) and 26]
To
Sir,
I request that my name be included in the electoral roll for the above Constituency. Particulars in support of my claim for inclusion in the electoral roll are given below:
SPACE FOR PASTING ONE RECENT PASSPORT SIZE PHOTOGRAPH (3.5 CM X 3.5 CM) SHOWING FRONTAL VIEW OF FULL FACE WITHIN THIS BOX
I. Applicant's details
**Name
**Surname (if any)
Name in English
Name in Tamil
Age as on 1st January
Years:
Months:
Sex (male/female/others):
Date of birth, if known:
Day:
Month:
Year:
Place of birth:
Village/ Town:
District:
State:
* Father's/ Mother's / Husband's Name in English
**Name
**Surname (if any)
* Father's/ Mother's / Husband's Name in Tamil
II. Particulars of place of ordinary residence (Full address):
House/ Door number :→ New:
Old :
Flat Name / Building Name:
Street/ Area/Locality/Mohalla/Road:
Town/ Village:
Post Office:
Tehsil/ Taluka/Mandal/ Thana:
District:
Name
Relationship with applicant
roll of the Constituency
Strike out the inappropriate alternative
Identity Card (EPIC)





## പ്രവർത്തനം : ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ മാനിഫെസ്റ്റോ താരതമ്യപ്പെടുത്തുക

**(മാനവിക വിഷയം പഠിക്കുന്ന വിദ്യാർഥികളോട്)**

### അവലോകനം

XII-ാം ക്ലാസ്സിലെ സിലബസ്സുമായി ഒത്തുപോകുന്നതിന് മാനവിക വിഷയങ്ങൾ പഠിക്കാനായി തെരഞ്ഞെടുത്ത വിദ്യാർഥികൾ ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ മാനിഫെസ്റ്റോ, പ്രത്യയശാസ്ത്രം, രാഷ്ട്രീയസ്ഥാനം, പൊതുനിലപാട് ഇവ വളരെ ആഴത്തിൽ പഠിക്കുകയും അപഗ്രഥിക്കുകയും താരതമ്യം ചെയ്യുകയും നിഗമനത്തിലെത്തുകയും ചെയ്യണം. തെരഞ്ഞെടുപ്പ് സാക്ഷരതയും പൗരധർമവും ഇഴചേർന്നുള്ള പഠനരീതിയിൽ വിദ്യാർഥികളിൽ നിന്നു പ്രതീക്ഷിക്കുന്നത്.

ഈ വിഷയത്തിലുള്ള സമഗ്രമായ അറിവും വിമർശനബുദ്ധിയും ആർജിച്ചെടുത്ത അഭിപ്രായവുമാണ്.

### സമ്പ്രദായം

1. ഈ പ്രവർത്തനം ശൈത്യകാലത്തെ ഇടവേളയിൽ വിദ്യാർഥികൾക്ക് ഹോം വർക്ക് ആയികൊടുക്കണം.
2. ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ മാനിഫെസ്റ്റോകൾ വിദ്യാർഥികൾക്ക് ലഭ്യമാക്കുകയും അവർ അതു സംബന്ധിച്ച് ഒരു ഗൗരവപൂർണമായ പഠനം നടത്തുകയും വേണം.
3. വിദ്യാർഥികൾ അവരുടെ അപഗ്രഥനവും അനുമാനങ്ങളും 500 വാക്കിലുള്ള ഒരു റിപ്പോർട്ട് തയാറാക്കാനും ശീതകാല ഇടവേളയ്ക്കു ശേഷം സ്കൂൾ സെഷൻ വീണ്ടും തുടങ്ങുമ്പോൾ അത് സമർപ്പിക്കാനും ആവശ്യപ്പെടുന്നതാണ്.
4. റിപ്പോർട്ടുകൾ പുനരവലോകനം ചെയ്തശേഷം കൺവീനർ 15 മിനിറ്റുകൾ ക്ലാസ്സ്റൂം ചർച്ച നടത്താവുന്നതും 3 - 2 - 1 സംഗ്രവും ഓർമപ്പെടുത്തലും നടത്താവുന്നതും ഇടവിട്ട് അംഗങ്ങളോട് താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കാവുന്നതുമാണ്.
   * അവർ ഇന്നു പഠിച്ച 3 കാര്യങ്ങൾ.
   * അവർ മനസ്സിൽ സൂക്ഷിക്കാനുദ്ദേശിക്കുന്ന 2 കാര്യങ്ങൾ.
   * അവർ കൂടുതൽ അറിയുവാനുദ്ദേശിക്കുന്ന ഒരു കാര്യം. (ഇവിടെ അവർക്ക് പ്രവർത്തനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.)

# പ്രവർത്തനം നിങ്ങളുടെ സ്ഥാനാർഥിയെ അറിയുക

## അവലോകനം

ഈ പ്രവർത്തനത്തിലൂടെ വിദ്യാർഥികൾ തെരഞ്ഞെടുപ്പിൽ മൽസരിക്കുന്ന സ്ഥാനാർഥികളെ അറിഞ്ഞുകൊണ്ട് ബാലറ്റിന്റെ തീരുമാന മെടുക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് പഠിക്കുന്നു.

## പഠനഫലങ്ങൾ

പ്രവർത്തനത്തിന്റെ പൂർത്തീകരണത്തിനുശേഷം വിദ്യാർഥികൾ തീർച്ചയായും:

(i) സ്ഥാനാർഥികളുടെ സത്യവാങ്മൂലങ്ങൾ റിട്ടേണിങ് ഓഫീസറുടെ ഓഫീസിലോ മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറുടെ വെബ് സൈറ്റിലോ ലഭ്യമാണെന്ന അറിവുനേടും.

(ii) അവരുടെ നിയോജകമണ്ഡലത്തിൽ മൽസരിക്കുന്ന സ്ഥാനാർഥിയും പാർട്ടിയും കണ്ടെത്താൻ കഴിയും.

(iii) അഭിജ്ഞമായ (നല്ല)തീരുമാനമെടുക്കാൻ ആവശ്യമായ കഴിവ് വികസിപ്പിക്കാൻ കഴിയും.

## ആവശ്യമായ വസ്തുക്കൾ

(i) സ്മാർട്ട് ക്ലാസ്സ് (പ്രൊജക്ടറും സജ്ജമാക്കിയ സിസ്റ്റവും).

(ii) ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ.

**കാലയളവ് :** ഒരാഴ്ചത്തെ ഇടവേളയുള്ള രണ്ടു സെഷനുകൾ.
ഒരു സെഷനിലെ ലഘുവിവരണം – 30 മിനിറ്റ്.
വിദ്യാർഥികളുടെ അവതരണങ്ങൾ– 2–ാം സെഷനിൽ (45–60 മിനിറ്റ്).

സൗകര്യമായ സമയം: ആഗസ്റ്റ് – സെപ്തംബർ മാസങ്ങൾ (അല്ലെങ്കിൽ രാജ്യത്ത് തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ഏതു സമയവും).

## ക്രമീകരണം

ലഘുവിവരണസെഷൻ

1. പ്രവർത്തനത്തെക്കുറിച്ച് മുൻകൂറായി വിദ്യാർഥികൾക്ക് ലഘു വിവരണം നൽകുന്നു.
2. തെരഞ്ഞെടുപ്പ് വരാനിരിക്കുന്ന ഒരു സംസ്ഥാനം കൺവീനർ കണ്ടെത്തുന്നു. (അവരുടേതല്ലാത്ത)അവിടെ നിന്ന് വിദ്യാർഥികൾക്ക് സ്ഥാനാർഥികളെ കണ്ടെത്താൻ കഴിയും. കൺവീനർ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്തിലെ ഒരു നിയോജക മണ്ഡലത്തിൽ നിന്നുള്ള സ്ഥാനാർഥി കളുടെ ലിസ്റ്റ് തയാറാക്കുന്നു. അത് കൺവീനർ അനുയോജ്യമെന്നു കരുതുന്ന പാർലമെന്റ് മണ്ഡലമോ നിയമസഭാ മണ്ഡലമോ ആകാം.
3. മൊത്തം സ്ഥാനാർഥികളുടെ എണ്ണമനുസരിച്ച് ക്ലാസ്സ് അഞ്ചോ ആറോ വിദ്യാർഥികൾ വീതം ഉൾക്കൊള്ളുന്ന ഓരോ ഗ്രൂപ്പായി വിഭ ജിക്കാം.



4. ഓരോ ഗ്രൂപ്പിനും ഒരു സ്ഥാനാർഥിയെ അനുവദിക്കുന്നു. അവരുടെ സ്ഥാനാർഥികളെ 10 മിനിട്ട് അവതരിപ്പിക്കുന്നതാണ് അവർക്കുള്ള കർത്തവ്യം.

5. അവതരണം: താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്നു.

   * സ്ഥാനാർഥിയെക്കുറിച്ച് ഒരു ലഘുവിവരണം.
   * അത് ഒരു സ്വതന്ത്രസ്ഥാനാർഥിയല്ലെങ്കിൽ അവൻ / അവൾ പ്രതിനിധീകരിക്കുന്ന സ്ഥാനാർഥിയുടെ പാർട്ടി.
   * വിദ്യാഭ്യാസപരമായും, കുറ്റകരമായും ധനപരമായും ഉള്ള സ്ഥാനാർഥിയുടെ റിക്കോർഡ് കേന്ദ്രതെരഞ്ഞെടുപ്പു കമ്മീഷന്റെയോ മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറുടെയോ വെബ്സൈറ്റുപോലുള്ള വിശ്വാസയോഗ്യമായ സ്രോതസ്സുകളിൽ നിന്ന് ലഭിക്കും. സ്ഥാനാർഥികൾ സമർപ്പിക്കുന്ന സത്യവാങ്മൂലങ്ങളും വെബ്സൈറ്റിൽ ലഭിക്കും.
   * പുതിയ ലേഖനങ്ങളും സ്ഥാനാർഥിയെപ്പറ്റിയുള്ള മാധ്യമ ചർച്ചകളിലെ തെളിവുകളും. ഓരോ മാധ്യമവും സ്ഥാനാർഥിയെപ്പറ്റി പറഞ്ഞതു ക്രോഡീകരിച്ച് വിദ്യാർഥികൾ ഒരു പട്ടികയുണ്ടാക്കണം.
   * സ്ഥാനാർഥിയുടെ ചുറ്റുമുള്ള അനുകൂലവും പ്രതികൂലവുമായ വാർത്തകൾ (ഒരു പക്ഷേ സ്ഥാനാർഥി നടപ്പാക്കിയ വികസനപദ്ധതികൾ അല്ലെങ്കിൽ എതിരെയുള്ള വിവാദങ്ങൾ.
   * ആത്യന്തികമായ സ്ഥാനാർഥിയുടെ ശക്തിയോ ബലഹീനതയോ സംബന്ധിച്ച അപഗ്രഥനത്തിൽ അവസാനിക്കുന്നു.

6. വിദ്യാർഥികൾക്ക് അവരുടെ സ്ഥാനാർഥികളെക്കുറിച്ചുള്ള വിവരം റിട്ടേണിങ് ഓഫീസറിൽ നിന്നോ അല്ലെങ്കിൽ മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ നിന്നോ ലഭിക്കുമെന്ന് കൺവീനർ വിദ്യാർഥികളെ അറിയിക്കുകയും അവരുടെ അഡ്രസ്സ് നൽകുകയും ചെയ്യും.

7. അവതരണ സെഷൻ (അനുയോജ്യമായ തയാറെടുപ്പു സമയങ്ങൾക്കുശേഷം).

   1. തീരുമാനിക്കപ്പെട്ട സെഷനിൽ വിദ്യാർഥി ഗ്രൂപ്പുകൾ ഓരോന്നായി അവരുടെ സ്ഥാനാർഥിയെ അവതരിപ്പിക്കും.
   2. ഗ്രൂപ്പുകൾ സ്ഥാനാർഥിയെ അവതരിപ്പിച്ചു കഴിഞ്ഞാൽ കൺവീനർ അതുസംബന്ധിച്ച ഒരു ലഘുചർച്ചയ്ക്ക് തുടക്കമിടും.
   3. ഈ ചർച്ചയുടെ ലക്ഷ്യം വിദ്യാർഥികൾ സ്ഥാനാർഥിയെ തെരഞ്ഞെടുക്കുന്നതല്ല അത് രഹസ്യബാലറ്റിന്റെ ഉത്തരവാദിത്വമാണ് എന്ന് ബോധ്യപ്പെടുത്തുകയാണ്.
   4. ചർച്ചയിൽ ഒരു സ്ഥാനാർഥിക്കുവേണ്ട അഭിലഷണീയമായ ഗുണങ്ങളെന്നും വ്യക്തമായ ഒരു തീരുമാനമെടുക്കുന്നതിന്റെ പ്രാധാന്യത്തിനുമാണ് ഊന്നൽ നൽകുന്നത്.
   5. 3 – 2 – 1 സംഗ്രഹവും ഓർത്തെടുക്കലും.

      * അവർ ഇന്നു പഠിച്ച 3 പാഠങ്ങൾ.
      * അവർ മനസ്സിൽ സൂക്ഷിക്കാനുദ്ദേശിക്കുന്ന 2 കാര്യങ്ങൾ.
      * അവർ കൂടുതലായി അറിയാനുദ്ദേശിക്കുന്ന 1 കാര്യം. (ഇവിടെ ഈ പ്രവർത്തനത്തെക്കുറിച്ച് അംഗങ്ങൾക്ക് ചോദ്യം ചോദിക്കാവുന്ന


## പ്രവർത്തനം : വാക്കുകൊണ്ടുള്ള കളികൾ

തെരഞ്ഞെടുപ്പ് സാക്ഷരതാക്ലബ്ബിലെ അംഗം ഈ പ്രവർത്തനത്തിൽ ഉൾപ്പെട്ടിട്ടുള്ള നിരവധി വാക്കുകൊണ്ടുള്ള കളികളിൽ ശരിയാക്കുന്നു. അംഗങ്ങളെ സ്വന്തമായി വാക്കുകൾ കൊണ്ടുള്ള കളികളിൽ ഏർപ്പെടാൻ കൺവീനർ പ്രോൽസാഹിപ്പിക്കണം. ഇവ IX –ാം ക്ലാസ്സിലെ തെരഞ്ഞെടുപ്പ് സാക്ഷരതാക്ലബ്ബ് തയാറാക്കുന്ന ചുമർ മാസികയ്ക്ക് സംഭാവനയായി തീരുകയോ IX, X, XI ക്ലാസ്സുകളിലെ തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബുകളിൽ വിതരണം ചെയ്യാൻ സാധിക്കുകയോ ചെയ്യും.

### വിലയിരുത്താനുള്ള വാക്കുകൾ

**ഇലക്ഷൻ ക്രോസ്സ് വേഡ്**

**താഴെ പ്പറയുന്ന വാക്കുകൾ പൂരിപ്പിക്കുക**





## വിലങ്ങനെ

1. തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ നാമനിർദേശം ചെയ്യപ്പെടുന്ന വ്യക്തി എങ്ങനെയാണറിയപ്പെടുന്നത്.

5. ഏതുതരം മഷിയാണ് തെരഞ്ഞെടുപ്പു ദിവസം വോട്ടു ചെയ്യുന്നതിനു വോട്ടറുടെ വിരലിൽ പുരട്ടുന്നത്.

7. ഏത് മാനദണ്ഡമാണ് ഇന്ത്യയിൽ സ്വതന്ത്രവും നീതിപൂർവകവുമായ തെരഞ്ഞെടുപ്പ് സ്വീകരിച്ചിരിക്കുന്നു.

9. വോട്ടുചെയ്തതിനുശേഷം വോട്ടർ — മാറുന്നു.

## താഴോട്ട്

1. ഒരു നിയമനിർമാണസഭയിലേക്ക് വോട്ടർമാർ അവരുടെ പ്രതിനിധിയെ തെരഞ്ഞെടുക്കുന്ന പ്രദേശം.

2. പൊതുതെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനുള്ള അവകാശത്തെ ഈ പേരിലും അറിയപ്പെടുന്നു.

3. — കണക്ക് പൂരിപ്പിക്കുന്നത് തെരഞ്ഞെടുപ്പിന്റെ അർഹനുള്ള പ്രവൃത്തിയാണ്.

4. കമ്മീഷനാണ് ഇന്ത്യയിൽ നിയോജകമണ്ഡലത്തിൽ യൂണിറ്റുകളും അതിരുകളും നിശ്ചയിക്കുന്നത്.

6. ഒരു നിയമനിർമാണ സഭമാത്രമുള്ള സംസ്ഥാനം.

8. ഒരു സ്ഥാനാർഥി മൽസരിക്കുന്നതിനുമുമ്പ് രാഷ്ട്രീയപാർട്ടിയിൽ നിന്ന് ഇത് നേടിയിരിക്കണം.

## വാക്കുകൾ തിരയൽ

ഇന്ത്യൻ ജനാധിപത്യം സമ്പന്നവും വിബ്റന്റും ആണ് താഴെ കൊടുത്തിരിക്കുന്ന കോത്തിലെ വാക്കുകളെല്ലാം തെരഞ്ഞെടുപ്പിനെയും ജനാധിപത്യത്തെയും കുറിച്ചുള്ളതാണ്:

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| A | D | J | O | U | R | N | M | E | N | T | F | L | C |
| M | E | C | R | H | T | A | L | L | Y | U | G | I | O |
| E | L | I | D | E | H | T | O | O | B | O | Y | E | N |
| N | I | I | I | N | C | U | M | B | E | N | T | T | S |
| D | M | J | N | T | K | O | T | L | M | R | I | S | T |
| M | I | N | A | D | O | C | U | R | C | U | L | U | I |
| E | T | O | N | Q | E | L | Y | N | U | T | A | F | T |
| N | A | P | C | L | G | L | L | X | T | T | R | F | U |
| T | T | X | E | F | H | W | I | A | O | S | U | R | E |
| R | I | G | G | I | N | G | V | B | B | R | L | A | N |
| Z | O | Y | B | E | G | N | I | L | L | O | P | G | C |
| A | N | F | R | A | N | C | H | I | S | E | D | E | Y |
| I | S | E | A | L | E | R | O | V | O | T | I | N | G |
| S | V | V | P | A | T | T | O | X | A | T | O | N | E |
| C | A | M | P | A | I | G | N | L | C | I | P | E | K |



| താക്കോൽ | | |
|---|---|---|
| നിർത്തിവയ്ക്കൽ | EPIC | വീണ്ടുമെണ്ണുക |
| ഭേദഗതി | EVM | പായ്മരക്കയറുകൾ |
| സമ്മതിദാനപത്രം | വോട്ടവകാശം | സീൽ |
| ബൂത്ത് | ഔദ്യോഗികസ്ഥാനം വഹിക്കുന്ന | വോട്ട് |
| പ്രചാരണം | മായാത്ത മഷി | തുല്യമാക്കുക |
| സ്ഥാനാർഥി | നോട്ട | ഫലം |
| നിയോജകമണ്ഡലം | ഓർഡിനൻസ് | വോട്ടുചെയ്യുക |
| അതിർത്തി നിർണയം | അനേകത്വം | VVPAT |
| തെരഞ്ഞെടുക്കുക | പോളിങ് | വാറോല |
| പേരുചേർക്കുക | പകരക്കാരൻ | |

## വാക്കുകൊണ്ടുള്ള മൽസരം

താഴെപ്പറയുന്ന വാക്കുകളുടെ കുരുക്കഴിക്കുക:

1. MCRDCAEOY
2. LOPL
3. NITGOV
4. TRCEES
5. FENTIMASO
6. STTENCCYUONI

നിങ്ങൾ രഹസ്യവാക്ക് കണ്ടെത്തിയോ. വാക്കുകൾ ചുവപ്പു ബോക്സിൽ ക്രമീകരിക്കുക!

**സൂചന:** ഈ 8 അക്ഷരങ്ങളുള്ള വാക്ക് നമ്മൾ നമ്മുടെ രാഷ്ട്രീയ പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന രീതിയെ വിവരിക്കുന്നു.

**ക്രമീകരണം**


വാക്കുകൊണ്ടുള്ള കളികൾ പ്രിന്റുചെയ്തോ ഫോട്ടോ കോപ്പി എടുത്തോ അത് അംഗങ്ങൾക്ക് വിതരണം ചെയ്യും. അല്ലെങ്കിൽ ഒരു പൊതുപദപ്രശ്നം ബോർഡിലെഴുതി അംഗങ്ങളോട് അതിന് ഉത്തരം കണ്ടെത്താനാവശ്യപ്പെട്ടോ ഈ പ്രവർത്തനം നടത്താം.

## പ്രവർത്തനം : ദേശീയ സമ്മതിദാനദിനം

### ഉപന്യാസരചനാമൽസരം

തെരഞ്ഞെടുപ്പിനെയും ജനപ്രാതിനിധ്യനിയമത്തെയും സംബന്ധിച്ചുള്ള വിഷയങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം തെരഞ്ഞെടുപ്പ് വിഷയങ്ങൾക്ക് ചില ഉദാഹരണങ്ങൾ:

* കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷനില്ലാത്ത ഇന്ത്യ.
* നിങ്ങൾ ചെയ്യാനാഗ്രഹിക്കാത്തത്: നോട്ട.
* ഇന്ത്യയെ വോട്ടു ചെയ്യാൻ പ്രാപ്തമാക്കുന്നതെന്ന്/എങ്ങനെയാണ് ഇന്ത്യയെ വോട്ടുചെയ്യാൻ പ്രാപ്തമാക്കുന്നത് ?








## സംഗ്രഹവും പദഘടനയും

1. **അസംബ്ലി നിയോജകമണ്ഡലം:-** സംസ്ഥാന നിയമസഭാ തെര ഞ്ഞെടുപ്പുകളെ സംബന്ധിച്ചിടത്തോളം ഓരോ നിയോജകമണ്ഡലത്തിലും ഏതാണ്ട് തുല്യമായ അളവിൽ വോട്ടർമാരുള്ള വിവിധ നിയോജകമണ്ഡല ങ്ങളായി വിഭജിക്കുന്നു.

2. **ബൂത്ത് ലവൽ ഓഫീസർ:-** പ്രാദേശിക സർക്കാർ / അർധ സർക്കാർ ഉദ്യോഗസ്ഥനും പ്രാദേശിക വോട്ടർമാരുമായി നല്ല ബന്ധമുള്ള യാളും സാധാരണയായി അതേ വോട്ടെടുപ്പു പ്രദേശത്തെ ഒരു വോട്ടറു മായിരിക്കും. അയാൾ / അവർ അവരുടെ പ്രാദേശികവിജ്ഞാനം ഉപയോഗിച്ച് വോട്ടർലിസ്റ്റ് പുതുക്കുന്നതിനു സഹായിക്കുന്നു. തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ പ്രവർത്തനമണ്ഡലം പരിശോധിക്കുകയും വോട്ടർമാരെക്കുറിച്ചുള്ള വിവരം ശേഖരിക്കുകയും അനുവദിക്കപ്പെട്ട വോട്ടെടുപ്പു പ്രദേശത്തെ വോട്ടർലിസ്റ്റോ ഭാഗികമായ ലിസ്റ്റോ തയാറാക്കുകയും ചെയ്യുന്നു.

3. **പ്രചരണം:-** രാഷ്ട്രീയപ്രവർത്തകനോ രാഷ്ട്രീയപാർട്ടിയോ ജനങ്ങളെ അവർക്കു വോട്ടുചെയ്യാൻ പ്രേരിപ്പിക്കുന്ന പ്രവൃത്തി.

4. **സ്ഥാനാർഥി:-** തെരഞ്ഞെടുപ്പു രംഗത്ത് സ്ഥാനാർഥിയെന്നത് തെരഞ്ഞെടുപ്പിൽ മൽസരിക്കുന്ന വ്യക്തിയാണ്.

5. **CEO (മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ):-** മേൽനോട്ടത്തിനും നിർദേശത്തിനും തെരഞ്ഞെടുപ്പു നിയന്ത്രിക്കാനുമായി തെരഞ്ഞെടുപ്പു കമ്മീഷൻ ചുമതലപ്പെടുത്തുന്ന ഓഫീസറാണ് മുഖ്യതെരഞ്ഞെടുപ്പു ഓഫീസർ, വോട്ടേഴ്സ് ലിസ്റ്റ് തയാറാക്കു ന്നതിന്റെയും പുതുക്കുന്ന തിന്റെയും തെറ്റുകൾ തിരുത്തുന്നതിന്റെയും മേൽനോട്ട ച്ചുമതല വഹി ക്കേണ്ടതും ഇദ്ദേഹമാണ്.

6. **നിയോജകമണ്ഡലം:-** നിയമനിർമാണസഭയിലേക്ക് ഒരു പ്രതിനിധിയെ തെരഞ്ഞെ ടുക്കുന്ന വോട്ടർമാരുൾക്കൊള്ളുന്ന പ്രദേശം.

7. **DEO (ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ):-** തെരഞ്ഞെടുപ്പു കമ്മീഷൻ ജില്ലാ ഭരണത്തിന്റെ തലവനെ (കളക്ടർ, ഡെപ്യൂട്ടി കമ്മീഷണർ അല്ലെങ്കിൽ ജില്ലാ മജിസ്ട്രേറ്റ്)അതതു ജില്ലയുടെ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായി നാമനിർദേശം ചെയ്യുന്നു. മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറുടെ നിർദേശങ്ങൾക്കു കീഴിൽ പ്രവർത്തിച്ചുകൊണ്ട് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ ജില്ലയിലെയോ അതല്ലെങ്കിൽ അദ്ദേഹത്തിന്റെ അധികാരപരിധിയിൽപ്പെട്ട പ്രദേശത്തിന്റെയോ പാർലമെന്റ് അസംബ്ലി, കൗൺസിൽ തെരഞ്ഞെടുപ്പിനുള്ള വോട്ടർ ലിസ്റ്റ് തയാറാക്കുക, പുതുക്കുക തുടങ്ങിയ പ്രവൃത്തികളുടെ മേൽനോട്ടം നടത്തുന്നു. പോളിങ് സ്റ്റേഷനുകൾ അനുവദിക്കുക. പോളിങ് സ്റ്റേഷനുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുക, തെരഞ്ഞെടുപ്പിനാവശ്യമായ പോളിങ് ഉദ്യോഗസ്ഥരെ നിയോഗിക്കുക തുടങ്ങിയവ ജില്ലാ തെരഞ്ഞെടുപ്പു ഓഫീസറുടെ ഉത്തര വാദിത്വമാണ്.

8. **തെരഞ്ഞെടുപ്പ്-** ഒരു ജനവിഭാഗം ഒരു വ്യക്തിയെ പബ്ലിക് ആഫീസിന്റെ ഉത്തരവാദിത്വം വഹിക്കാനായി തെരഞ്ഞെടുക്കുന്ന ഔപചാരികമായ തീരുമാനമെടുക്കൽ പ്രക്രിയ.

9. **വോട്ടർ:-** തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ അർഹതപ്പെട്ട പട്ടിക യിലുൾപ്പെട്ട വ്യക്തി.

10. **തെരഞ്ഞെടുപ്പുസംബന്ധമായ പങ്കാളിത്തം:-** വോട്ടറായി, തെരഞ്ഞെടുപ്പു ഉദ്യോഗസ്ഥനായി, സ്ഥാനാർഥിയായി, രാഷ്ട്രീയ പാർട്ടിയായി, അല്ലെങ്കിൽ ജനാധിപത്യ രൂപത്തിലുള്ള ഒരു സർക്കാരിനെ താങ്ങിനിർത്തുന്ന ഒരു ഘടകമായി തെരഞ്ഞെടുപ്പ് പ്രക്രിയയിൽ സ്വയം മുഴുകുന്ന പ്രവൃത്തി.

11. **തെരഞ്ഞെടുപ്പുപ്രക്രിയ:- വോട്ടർമാരും,** തെരഞ്ഞെടുപ്പുദ്യോഗ സ്ഥരും സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും മറ്റു പിന്തുണയ്ക്കുന്ന വരും ജനാധിപത്യ രൂപത്തിലുള്ള സർക്കാരിനെ തെരഞ്ഞെടുക്കാൻ വേണ്ടി നടത്തുന്ന ഒരുകൂട്ടം പ്രവർത്തനങ്ങൾ.

12. **ഇലക്ടറൽ റോൾ (വോട്ടേഴ്സ് ലിസ്റ്റ്):-** സാധാരണയായി വോട്ടേഴ്സ്ലിസ്റ്റ് എന്നറിയപ്പെടുന്ന ഇത് ഒരു നിയോജകമണ്ഡലത്തിലെ വോട്ടർമാരായി രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ ലിസ്റ്റാണ് ശരിയായ ഭരണനിർവഹണത്തിന് ഒരു നിയോജക മണ്ഡലത്തിലെ വോട്ടർലിസ്റ്റ് പല ഭാഗങ്ങളായി തിരിച്ച് വിവിധ പോളിങ് സ്ഥലങ്ങളിലെ വോട്ടർമാരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതാണ് നല്ലത്.

13. **EPIC (വോട്ടറുടെ ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡ്):-** തന്റെ പരിധിയിലുള്ള അസംബ്ലി മണ്ഡലങ്ങളിലെ വോട്ടർ ലിസ്റ്റിൽ പേരുചേർത്തിട്ടുള്ള എല്ലാ വോട്ടർമാർക്കും വോട്ടെടുപ്പ് സമയത്ത് അവരുടെ വ്യക്തിത്വം സ്ഥാപിക്കാനായി തെരഞ്ഞെടുപ്പ് ഓഫീസർ വിതരണം ചെയ്യുന്ന കാർഡ്.

14. **ERO (തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ):-** ഒരു നിയോജകമണ്ഡലത്തിലെ വോട്ടർലിസ്റ്റ് തയാറാക്കാനും പുതുക്കാനും സംസ്ഥാന ഗവൺമെന്റുമായി കൂടിയാ ലോചിച്ച് സംസ്ഥാന സർക്കാരിലെ ഒരുദ്യോഗസ്ഥനെ തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസ റായി നിയമിക്കുന്നു / നിർദേശിക്കുന്നു. അദ്ദേഹത്തിന്റെ കീഴിലുള്ള നിയോജക മണ്ഡല ത്തിലെ വോട്ടർ ലിസ്റ്റ് തയാറാക്കുന്നതിന് നിയമപ്രകാരമുള്ള അധികാരിയാണ് ERO.

15. **EVM (ഇലക്ട്രോണിക് വോട്ടിങ് യന്ത്രം):-** തെരഞ്ഞെടുപ്പു സമയത്ത് വോട്ടുകൾ രേഖപ്പെടുത്താനായി ഉപയോഗിക്കുന്ന യന്ത്രമാണിത്. അത് രണ്ടു ഭാഗങ്ങളായാണ്: നിയ ന്ത്രണ യൂണിറ്റും വോട്ടെടുപ്പ് യൂണിറ്റും. 5 മീറ്റർ കേബിൾകൊണ്ട് ബന്ധിപ്പിക്കുന്നു. ബാലറ്റുപേപ്പർ നൽകുന്നതിനുപകരം കൺട്രോളിങ് യൂണിറ്റിന്റെ ചാർജുള്ള പോളിങ് ഓഫീസർ ബാലറ്റ് ബട്ടൺ അമർത്തുന്നു. ഇത് വോട്ടർക്ക് ബാലറ്റിങ് യൂണിറ്റിലെ സ്ഥാനാർ ഥിയുടെ ചിഹ്നത്തിന്റെയും നേർക്കുള്ള നീല ബട്ടൺ അമർത്തി വോട്ടുചെയ്യുന്നതിനുള്ള അവസരം നൽകുന്നു.

16. **മാതൃകാ പെരുമാറ്റച്ചട്ടം (MCC):-** രാഷ്ട്രീയപാർട്ടികൾക്കും സ്ഥാനാർഥികൾക്കും തെരഞ്ഞെടുപ്പുസമയത്ത് അവരുടെ പ്രസംഗത്തിലും പോളിങ്ദിവസം, പോളിങ് ബൂത്തുകൾ, ഇലക്ഷൻ മാനിഫെസ്റ്റോകൾ, പ്രകടനം, പൊതുവായ പെരുമാറ്റം ഇവ സംബന്ധിച്ച് തെരഞ്ഞെടുപ്പു കമ്മീഷൻ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങളാണ് മാതൃകാ പെരുമാറ്റച്ചട്ടങ്ങൾ. സ്വതന്ത്രവും നീതിപൂർവകവുമായ തെരഞ്ഞെടുപ്പ് ഉറപ്പു വരുത്തുന്നതിനായി തെരഞ്ഞെടുപ്പു കമ്മീഷൻ പുറപ്പെടുവിക്കുന്ന മാതൃകാ പെരുമാറ്റ ച്ചട്ടങ്ങൾ തെരഞ്ഞെടുപ്പു വിജ്ഞാപനം പുറത്തുവന്നാലുടൻ തന്നെ പ്രാബല്യത്തിൽ വരും.



17. നോട്ട (മുകളിൽ പറഞ്ഞ ഒന്നിലുംപ്പെടാത്തത്):- ഒക്ടോബർ 2013-ൽ തുടക്കം കുറിച്ച ഈ തെരഞ്ഞെടുക്കൽ രീതി എല്ലാ വോട്ടിങ് യന്ത്രങ്ങളിലും ബാലറ്റുപേപ്പറുകളിലും ഉൾപ്പെടുത്തിയത് വോട്ടർമാർക്ക് സ്ഥാനാർഥികളിലാർക്കും വോട്ടുചെയ്യാൻ ആഗ്രഹമില്ലെങ്കിൽ അവരുടെ ജനാധിപത്യാവകാശം സംരക്ഷിച്ചുകൊണ്ട് അവരുടെ തീരുമാനം രഹസ്യ മായി വിനിയോഗിക്കാൻ വേണ്ടിയാണ്.

18. നാമനിർദേശം:- പിന്താങ്ങുകയോ ഔപചാരികമായി തെരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർഥിയായി പ്രവേശിക്കുകയോ ചെയ്യൽ.

19. NVD (ദേശീയ സമ്മതിദാനദിനം):- ഇത് ആഘോഷിക്കുന്നത് വോട്ടർമാരുടെ പ്രത്യേകിച്ച് യുവവോട്ടർമാരുടെ പേര് ചേർക്കാൻ പ്രക്രിയ ഊർജിതപ്പെടുത്താനാണ്. തെരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുക്കുന്ന തിനെക്കുറിച്ചു വോട്ടർമാരിൽ അവബോധം സൃഷ്ടിക്കാനും ഈ ദിവസം പ്രയോജനപ്പെടുത്തുന്നു.

20. NVSP [വോട്ടർമാരുടെ സേവനത്തെക്കുറിച്ചുള്ള ദേശീയ പോർട്ടൽ (www.nvsp.in)] ഇത് കേന്ദ്ര തെരഞ്ഞെടുപ്പുകമ്മീഷന്റെ ഒരു വെബ്സൈറ്റാണ്. വോട്ടർപട്ടികയിൽ രജിസ്റ്റർ ചെയ്യുന്നതുസംബന്ധിച്ച് പൗരന്മാർക്കും തെരഞ്ഞെടുപ്പുദ്യോഗസ്ഥർക്കും നൽകുന്ന e സേവന ങ്ങൾ ഉൾക്കൊള്ളുന്നു.

21. പഞ്ചായത്ത് :- ഇന്ത്യയിൽ പഞ്ചായത്തീരാജ് ഇപ്പോൾ പ്രവർത്തിക്കുന്നത് ഒരു ഭരണസമ്പ്രദായമെന്ന നിലയിൽ ഗ്രാമപഞ്ചായത്തു കളാണ്. പ്രാദേശിക ഭരണത്തിന്റെ അടിസ്ഥാനഘടകങ്ങളെന്നതിന് പ്രാമുഖ്യം നൽകിയാണ്. ഈ സമ്പ്രദായത്തിന് 3 നിലകളുണ്ട്. ഗ്രാമപഞ്ചായത്ത് (വില്ലേജ് തലം), മണ്ഡൽപരിഷത്ത് അല്ലെങ്കിൽ ബ്ലോക്ക് സമിതി അല്ലെങ്കിൽ പഞ്ചായത്ത് സമിതിയും (ബ്ലോക്ക് തലം), ജില്ലാ പരിഷത്തും (ജില്ലാ തലം).

22. പോളിങ് സ്റ്റേഷൻ :- തെരഞ്ഞെടുപ്പ് നടത്താനുപയോഗിക്കുന്ന മുറി / ഹാൾ ആണിത്. ഇവിടെ ഒരു പ്രദേശത്തെ വോട്ടർമാർ തെരഞ്ഞെടുപ്പു നടക്കുന്നദിവസം വോട്ടുരേഖ പ്പെടുത്തുന്നു. ഇതിനെ “പോളിങ് ബൂത്ത്” എന്നും വിളിക്കുന്നു.

23. പ്രിസൈഡിങ് ഓഫീസർ:- പോളിങ് ഓഫീസർമാരുടെ സഹായത്തോടെ പ്രിസൈഡിങ് ഓഫീസർ പോളിങ് ബൂത്തിൽ തെരഞ്ഞെടുപ്പു നടത്തുന്നു.

24. PWDS (അംഗവൈകല്യമുള്ള വ്യക്തികൾ):- തെരഞ്ഞെടുപ്പ് സമയത്ത് പ്രത്യേക പരിഗണനയർഹിക്കുന്നു. ഒരു ശാരീരിക വൈകല്യമോ മറ്റൊരു ശാരീരിക വൈകല്യമോ മൂലം’ ബുദ്ധിമുട്ടുന്ന ഒരു സംഘം വോട്ടർമാർ.

25. ജനഹിതപരിശോധന:- തങ്ങളോട് വിവരം ആരാഞ്ഞിരിക്കുന്ന നേരിട്ടുള്ള ചോദ്യത്തിന് വോട്ടർമാരുടെ പൊതുവായ വോട്ട്.

26. R. O. (റിട്ടേണിങ് ഓഫീസർ):- തെരഞ്ഞെടുപ്പു കമ്മീഷൻ സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് സംസ്ഥാനസർക്കാരിലെ ഒരുദ്യോഗസ്ഥനെ ഒരു നിയോജകമണ്ഡലത്തിന്റെ പാർലമെന്റിലേക്കോ സംസ്ഥാന നിയമസഭയിലേക്കോയുള്ള തെരഞ്ഞെടുപ്പിന്റെ റിട്ടേണിങ് ഓഫീസറായി നിയമിക്കുന്നു / നിർദേശിക്കുന്നു.

27. സമ്മതിദാനം:- രാഷ്ട്രീയമായ തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യാനുള്ള അവകാശം.

28. പ്രായപൂർത്തിവോട്ടവകാശം:- ജാതി, വർഗ, വർണ, ലിംഗ, മത വ്യത്യാസമില്ലാതെ പ്രായപൂർത്തിയായ എല്ലാ പൗരന്മാർക്കും വോട്ടു ചെയ്യാനുള്ള അവകാശം.

29. വോട്ടറെ രജിസ്റ്റർ ചെയ്യൽ:- കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ നിർബന്ധപ്രകാരം അർഹതയുള്ള ഒരു വ്യക്തിയെ അംഗീകൃതവോട്ടറായി പേരുചേർക്കുന്ന പ്രക്രിയയാണിത്.

30. വോട്ടുചെയ്യൽ:- ഒരു കാര്യത്തിലുള്ള ആഗ്രഹമോ, തെരഞ്ഞെടുപ്പോ ഒരു തെരഞ്ഞെടുപ്പിൽ പ്രകടിപ്പിക്കാനുള്ള പ്രവൃത്തി.

31. VVPAT (വോട്ടറെ വേർതിരിച്ചിരിക്കുന്ന പേപ്പർ ഓഫീസ് പരീക്ഷണം):- തങ്ങൾ വോട്ടുചെയ്തത് യഥാർഥ സ്ഥാനാർഥിക്കുതന്നെ യാണോ എന്ന് ഉറപ്പുവരുത്താൻ വോട്ടറെ പ്രാപ്തനാക്കുന്ന യന്ത്രമാണിത്. ബാലറ്റ് യൂണിറ്റിലുള്ള നീലബട്ടൻ അമർത്തി വോട്ടുചെയ്തശേഷം തെരഞ്ഞെടുത്ത സ്ഥാനാർഥി സീരിയൽ നമ്പർ, പേര്, ചിഹ്നം എന്നിവയടങ്ങിയ ഒരു സ്ലിപ്പ് VVPAT അച്ചടിക്കുന്നു. ഈ യന്ത്രം ഒരു ഗ്ലാസ് കൂട്ടിനു ള്ളിൽ വയ്ക്കുന്നതിനാൽ വോട്ടർക്കുമാത്രമേ ഇതു കാണാൻ കഴിയുള്ളൂ. സ്ലിപ്പ് 7 സെക്കന്റുമാത്രമേ വോട്ടർക്കു കാണാൻ കഴിയുകയുള്ളൂ. അതിനു ശേഷം അത് സീൽ ചെയ്ത പെട്ടിയിലേക്കു വീഴുന്നു. ഈ കേന്ദ്രത്തിലേക്കുള്ള പ്രവേശനം തെരഞ്ഞെടുപ്പുദ്യോഗസ്ഥർക്ക് മാത്രമായിരിക്കും.



## കൺവീനറുടെ നോട്ട്

## കൺവീനറുടെ നോട്ട്





## കൺവീനറുടെ നോട്ട്

## കൺവീനറുടെ നോട്ട്





## കൺവീനറുടെ നോട്ട്